ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.01.2025**

## പ്രധാനവാർത്തകൾ

1.) ശ്രീഹരിക്കോട്ടയിൽ നിന്നുള്ള നൂറാം വിക്ഷേപണം വിജയകരമായി പൂർത്തിയാക്കി ഐഎസ്ആർഒ. അഭിനന്ദനം അറിയിച്ച് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്

2.) പ്രയാഗ്‌രാജിൽ മഹാ കുംഭമേളയോടനുബന്ധിച്ചുള്ള അമൃത് സ്നാന ചടങ്ങിനിടയിൽ തിക്കിലും തിരക്കിലും തീർത്ഥാടകർ മരിച്ച സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി.

3.) നെന്മാറ ഇരട്ടക്കൊലപാതക കേസിൽ പിടിയിലായ പ്രതി ചെന്താമരയെ പോലീസ് ചോദ്യം ചെയ്യുന്നു. പ്രതിയെ വൈകിട്ട് കോടതിയിൽ ഹാജരാക്കും.

4.) സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

5.) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്- ഹൈദരാബാദ് പോരാട്ടം.

****************************************

RNU TVPM

## ഐഎസ്ആർഒ

ശ്രീഹരിക്കോട്ടയിൽ നിന്നുള്ള നൂറാം വിക്ഷേപണ വിജയത്തോടെ ചരിത്രം കുറിച്ച് ഐഎസ്ആർഒ. ഗതിനിർണയ ഉപഗ്രഹമായ എൻവിഎസ്-02 വിനെയും വഹിച്ചുകൊണ്ട് ജിഎസ്എൽവി-F15 രാവിലെ 6:23 ന് ശ്രീഹരിക്കോട്ടയിലെ സതീശ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് കുതിച്ചുയർന്നു. നൂറാം വിക്ഷേപണം എന്ന നേട്ടം കൈവരിച്ച ഐ എസ് ആർ ഒ യെ കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ് അഭിനന്ദിച്ചു. വിക്ഷേപണം വിജയകരമായതിൽ സന്തോഷമുണ്ടെന്നും എല്ലാവർക്കും നന്ദി അറിയിക്കുന്നതായും ഐ എസ് ആർ ഒ ചെയർമാൻ വി.നാരായണൻ പറഞ്ഞു. GSLV, അതിന്റെ പതിനേഴാമത്തെ വിക്ഷേപണത്തിലൂടെയാണ് ഐഎസ്ആർഒയുടെ നൂറാം ദൗത്യമെന്ന ചരിത്ര നേട്ടം കൈവരിച്ചത്.

RNU TVPM

**************************************************

## മഹാ കുംഭമേള

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാ കുംഭമേളയോട് അനുബന്ധിച്ചുള്ള അമൃത് സ്നാന ചടങ്ങിനിടയിൽ തിക്കിലും തിരക്കിലുംപെട്ട് തീർത്ഥാടകർ മരിച്ച സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും അദ്ദേഹം സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. ഇന്ന് പുലർച്ചെയാണ് ബാരിക്കേഡ് മറികടക്കുന്നതിനിടെ അപകടം ഉണ്ടായത്. പ്രദേശത്ത് സ്ഥിതി നിയന്ത്രണ വിധേയമാണെന്നും തിരക്ക് ഒഴിവാക്കാൻ തീർത്ഥാടകർ ഗംഗ ഘട്ടിൽ സ്നാനം നടത്തണമെന്നും മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു. സംഭവത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അപലപിച്ചു. തിരക്ക് നിയന്ത്രിക്കാൻ മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കണമെന്ന് അദ്ദേഹം പറഞ്ഞു.

******************************************

## നെന്മാറ കേസ്

നെന്മാറ ഇരട്ടക്കൊലപാതക കേസിൽ പിടിയിലായ പ്രതി പോത്തുണ്ടി തിരുത്താംപാടത്ത് ചെന്താമരയെ പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്യുന്നു. നിലവിൽ ആലത്തൂർ ഡിവൈഎസ്പി ഓഫീസിലുള്ള പ്രതിയെ ഇന്ന് വൈകിട്ട് കോടതിയിൽ ഹാജരാക്കും. രണ്ടു പേരെ വെട്ടിക്കൊലപ്പെടുത്തിയ ശേഷം ഒളിവിൽ പോയ പ്രതി ചെന്താമരയെ 36 മണിക്കൂറിനു ശേഷം ഇന്നലെ രാത്രിയാണ് പിടികൂടിയത്.

******************************************

## ബീറ്റിംഗ് റിട്രീറ്റ്

റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ഭാഗമായുള്ള ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് ഇന്ന് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടക്കും. വിവിധ സേനാ വിഭാഗങ്ങളുടെ ബാൻഡുകൾ അണിനിരക്കുന്ന 30 പ്രകടനങ്ങൾ ഒരുക്കിയിട്ടുണ്ട്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ ചടങ്ങ് വീക്ഷിക്കാൻ എത്തും. ചടങ്ങിന്റെ ഭാഗമായി ഉച്ചയ്ക്ക് രണ്ട് മണി മുതൽ രാത്രി 9.30 വരെ വിജയ് ചൗക്കിലേക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

RAJU TVPM

******************************************

## സർവകക്ഷിയോഗം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് വെള്ളിയാഴ്ച തുടക്കമാകും. ഇതിന് മുന്നോടിയായി കേന്ദ്രസർക്കാർ നാളെ സർവകക്ഷിയോഗം വിളിച്ചു. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ശനിയാഴ്ച കേന്ദ്ര ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കും.

************************************

<u>വന്യജീവി - കണ്ണൂർ...ഇൻട്രോ</u>

വന്യജീവികളിൽ നിന്നുള്ള ഭീഷണി കണ്ണൂർ ജില്ലയിലെ മലയോര മേഖലയിലെ ജനങ്ങളുടെ ആശങ്ക വർധിപ്പിക്കുന്നു. വളർത്തുമൃഗങ്ങൾ അജ്ഞാത ജീവിയുടെ ആക്രമത്തിന് ഇരയാവുന്നതും ജനങ്ങളെ അസ്വസ്ഥരാക്കുകയാണ്.. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

************************************

<u>ഡൽഹി തിരഞ്ഞെടുപ്പ്</u>

ഫെബ്രുവരി അഞ്ചിന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഡൽഹിയിൽ പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഷഹ്ദാര നിയമസഭാ മണ്ഡലത്തിലെ കർത്താർ നഗറിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ആം ആദ്മി പാർട്ടി ദേശീയ കൺവീനറും മുൻ ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാൾ ഇന്ന് വൈകുന്നേരം ബാദ്ലി, തിമർപൂർ നിയമസഭാ മണ്ഡലങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കും. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ബവാനയിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. അതേസമയം, കോൺഗ്രസിൻറെ പ്രകടന പത്രിക ഇന്ന് പുറത്തിറക്കും.

RNU TVPM

************************************

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

************************************

## യൂണിവേഴ്സിറ്റി ക്യാമ്പസ് - അക്രമം

തലശ്ശേരി പാലയാട് യൂണിവേഴ്സിറ്റി ക്യാമ്പസിലെ കെ.എസ്.യു നേതാവിന് നേരെ അക്രമം. രണ്ടാം വർഷ നിയമ വിദ്യാർത്ഥിയും കെ.എസ്.യു കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറിയുമായ ബിതുൽ ബാലനെയാണ് ഒരു സംഘം അക്രമിച്ചത് എസ്എഫ്ഐ പ്രവർത്തകർ ഹോസ്റ്റലിൽ അതിക്രമിച്ച് കയറി ക്രൂരമായി മർദ്ദിക്കുകയായിരുന്നു എന്ന് കെ എസ് യു ആരോപിച്ചു. ബിതുൽ ബാലനെ തലശ്ശേരി ഇന്ദിരാ ഗാന്ധി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

*************************************

## ഡി സോൺ - അറസ്റ്റ്

ഡിസോൺ കലോത്സവം സംഘർഷത്തിൽ മൂന്ന് കെഎസ്‌യു പ്രവർത്തകർ അറസ്റ്റിൽ. കെഎസ്‌യു ജില്ലാ അധ്യക്ഷൻ ഗോകുൽ ഗുരുവായൂർ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സുദേവ്, ട്രഷറർ സച്ചിൻ എന്നിവരാണ് അറസ്റ്റിലായത്. മാള പോലീസ് ആണ് ഇവരെ പിടികൂടിയത്. എസ്എഫ്ഐ നേതാക്കളുടെ പരാതിയിൽ ഇവർക്കെതിരെ വധശ്രമത്തിന് ഉൾപ്പെടെ കേസ് എടുത്തിരുന്നു.

RNU TVPM

*************************************

## അതിശൈത്യം-മൂന്നാർ... ഇൻട്രോ

ഒരിടവേളക്ക് ശേഷം മൂന്നാറിൽ വീണ്ടും അതിശൈത്യം. മൂന്നാറിന്റെ പരിസരപ്രദേശങ്ങളിലെ ചിലയിടങ്ങളിൽ അന്തരീക്ഷ താപനില പൂജ്യം ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. പ്രദേശത്ത് പുൽമേടുകളിൽ നേരിയ തോതിൽ മഞ്ഞ് വീഴ്ച്ചയുമുണ്ടായി. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

(വോയ്സ്)

****************************************

## താപനില

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന ചൂട് സൂര്യാഘാതത്തിനും, നിർജലീകരണത്തിനും കാരണമാകുമെന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

****************************************

## ദേശീയ ഗെയിംസ്

ദേശീയ ഗെയിംസിൽ കേരളം ഇന്ന് വനിതാ, പുരുഷ വാട്ടർ പോളോയിൽ മത്സരത്തിനിറങ്ങും. കേരളത്തിന്റെ മെഡൽ പ്രതീക്ഷയായ നീന്തൽ താരം സജൻ പ്രകാശ് ഇന്ന് മത്സരിക്കും. 200 മീറ്റർ ഫ്രീസ്റ്റൈൽ 100 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്ക് എന്നീ ഇനങ്ങളിലാണ് സജൻ മത്സരിക്കുന്നത്. വോളിബോളിൽ കേരളത്തിന്റ പുരുഷ വനിതാ ടീമുകളും ബാസ്കറ്റ് ബോളിൽ വനിതകളും ഇന്ന് കളത്തിലിറങ്ങും. വുഷു ഇനത്തിലും കേരളത്തിന് ഇന്നു മത്സരമുണ്ട്. പ്രദർശന മത്സരമായി കളരിയും ഇന്ന് ആരംഭിക്കും.

RNU TVPM

****************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഹൈദരാബാദിനെ നേരിടും. ഗുവാഹത്തിയിലെ ഇന്ദിരാഗാന്ധി അത്ലറ്റിക് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. പോയിൻറ് പട്ടികയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ആറാമതും ഹൈദരാബാദ് 12-ാം സ്ഥാനത്തുമാണ്.

****************************************

## ട്വൻറി- 20

ഇന്ത്യ- ഇംഗ്ലണ്ട് അന്താരാഷ്ട്ര ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാമത്തെ മത്സരം വെള്ളിയാഴ്ച നടക്കും. പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

*************************************

## ദേശീയ പത്ര ദിനം

ഇന്ന് ദേശീയ പത്ര ദിനം. 1780 -ൽ രാജ്യത്തെ ആദ്യത്തെ പത്രം പുറത്തിറക്കിയതിന്റെ സ്മരണാർത്ഥമാണ് എല്ലാ വർഷവും ജനുവരി 29-ന് ഇന്ത്യൻ ന്യൂസ്പേപ്പർ ദിനമായി ആഘോഷിക്കുന്നത്. 1780 ജനുവരി 29 നായിരുന്നു അയർലണ്ടുകാരനായ ജെയിംസ് അഗസ്റ്റസ് ഹിക്കി ഇന്ത്യയിലെ ആദ്യ അച്ചടി പത്രമായ 'ഹിക്കീസ് ബംഗാൾ ഗസറ്റ് എന്ന 'കൽക്കട്ട ജനറൽ അഡ്വർട്ടൈസർ' പുറത്തിറക്കിയത്. ദൈനംദിന ജീവിതത്തിൽ പത്രങ്ങളുടെ പ്രാധാന്യത്തെകുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നതാണ് പത്രദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

RNU TVPM

*************************************

## എം വി ഗോവിന്ദൻ

പാലക്കാട് എലപ്പുള്ളിയിലെ മദ്യനിർമാണശാല എല്ലാവരുടെയും ആശങ്ക പരിഹരിച്ചു മാത്രമേ നടപ്പിലാക്കുകയുള്ളു എന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സർക്കാരിന്റെ മദ്യനയം മാറ്റിയിട്ടില്ല. എല്ലാ വകുപ്പുകളുമായും ആവശ്യമായ ചർച്ചകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

*************************************

## വി ഡി സതീശൻ

അതേസമയം എലപ്പുള്ളിയിലെ മദ്യനിർമ്മാണ പ്ലാന്റിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കുമെതിരെ വിമർശനം ഉന്നയിച്ച് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സർക്കാരിലോ മുന്നണിയിലോ ആലോചിക്കാതെയാണ് തീരുമാനം കൈക്കൊണ്ടതെന്ന് മന്ത്രിസഭാ യോഗത്തിൽ സമർപ്പിച്ച കുറിപ്പ് ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷ നേതാവ് ആരോപിച്ചു.

****************************************

## ഓഹരി / സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 546 പോയിന്റ് ഉയർന്ന് 76,460 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 188 പോയിന്റ് ഉയർന്ന് 23,145 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർദ്ധന. സ്വർണം ഗ്രാമിന് 85 രൂപ കൂടി 7,595 രൂപയും , പവന് 680 രൂപ ഉയർന്ന് 60,760 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

*****************************************************************************************************
*****************